# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3791 15.05.2017 ൽ മറുപടിയ്ക്ക്**

## <u>അക്ഷരസാഗരം സാക്ഷരതാ പരിപാടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| എ) | അക്ഷരസാഗരം സാക്ഷരതാ പരിപാടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | കേരളത്തിന്റെ തീരപ്രദേശങ്ങളിലെ സാക്ഷരതാ നിലവാരം ഉയർത്തുന്നതിനു വേണ്ടി ഫിഷറീസ് വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് അക്ഷരസാഗരം തീരദേശ സാക്ഷരതാ പരിപാടി. ഒന്നാം ഘട്ടത്തിൽ ഫിഷറീസ് വകുപ്പ് നിർദ്ദേശിച്ച തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് ജില്ലകളിലെ സാക്ഷരതാ നിരക്കിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന തീരദേശ പഞ്ചായത്തുകളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.<br><u>പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ</u><br>• തീരദേശ സാക്ഷരതാ നിലവാരം ഉയർത്തുക.<br>• നാല്, ഏഴ്, പത്ത് തുല്യതാ പരിപാടികൾ ശക്തിപ്പെടുത്തുക.<br>• തീരദേശത്ത് തുടർവിദ്യാഭ്യാസത്തിന് അനുകൂലമായ സാഹചര്യം ഉണ്ടാക്കുക.<br>• മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുക, മത്സ്യസമ്പത്ത്/ തീരപ്രദേശ സംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.<br>• സ്ത്രീ ശാക്തീകരണം സാധ്യമാക്കുക. |

| | | | |
|---|---|---|---|
| | | | • ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.<br>• ശുചിത്വം,/ ആരോഗ്യം/പരിസ്ഥിതി രംഗത്ത് പുത്തൻ അവബോധം ഉണ്ടാക്കുക.<br>• പരിപൂർണ്ണ സാക്ഷരത കൈവരിക്കുക.<br>• ഗവൺമെന്റ് നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ സാധാരണ ജനങ്ങളിൽ എത്തിക്കുക. |
| ബി) | സാക്ഷരതാ പരിപാടികൾ കാര്യക്ഷമമായി നടത്താൻ കൈക്കൊണ്ടു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ; | ബി) | സാക്ഷരതാ പരിപാടികൾ കാര്യക്ഷമമാക്കുവാൻ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>i. തീരദേശ സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കാൻ അക്ഷരസാഗരം പദ്ധതി<br>ii. ആദിവാസി മേഖലകളിലെ സാക്ഷരതാ നിരക്ക് ഉയർത്തുന്നതിനായി 'അട്ടപ്പാടി സാക്ഷരതാ പദ്ധതി'.<br>iii. 2017 ൽ ഒരു ലക്ഷം പേരെ സാക്ഷരരാക്കുന്നതിനായി 'അക്ഷരലക്ഷം 2017' എന്ന പദ്ധതി.<br>iv. ഇതരസംസ്ഥാനത്തൊഴിലാളികൾ, ട്രാൻസ്ജെൻഡേഴ്സ് എന്നിവർക്കായുള്ള പ്രത്യേക സാക്ഷരതാ പദ്ധതികൾ.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വിവിധ വകുപ്പുകൾ എന്നിവയുടെ സഹായ സഹകരണങ്ങളോടെ പദ്ധതികൾ മുന്നേറിക്കൊണ്ടിരിക്കുന്നു. |
| സി) | നിലവിലെ കണക്ക് പ്രകാരം കേരളത്തിലെ നിരക്ഷരരും, നവസാക്ഷരരും എത്ര എന്ന് വ്യക്തമാക്കുമോ? | സി) | 2011 ലെ സെൻസസ് പ്രകാരം കേരളത്തിൽ 18 ലക്ഷം നിരക്ഷരരും, 12 ലക്ഷം നവസാക്ഷരരും ഉണ്ട്. |

സെക്ഷൻ ഓഫീസർ